**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനംവന്യജീവി വകുപ്പ് - കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവെച്ചു കൊല്ലുവാൻ നൽകിയ ഉത്തരവുകളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(എം.എസ്) നം.31/2013/വനം. തിരുവനന്തപുരം, തീയതി, 19.03.2013.

---

പരാമർശം - 1) 01.02.2011 ലെ സ.ഉ.(സാധാ) നം. 04/2011/വനം.
2) 17.06.2011 ലെ സ.ഉ.(സാധാ) നം. 265/2011/വനം.
3) 23.03.2011 ലെ സ.ഉ.(സാധാ) നം. 281/2011/വനം.
4) 31.08.2011 ലെ സ.ഉ.(സാധാ) നം. 392/2011/വനം.
5) 04.08.2012-ലെ സ.ഉ(സാധാ) നം. 399/2012/വനം.
6) വന്യജീവി വിഭാഗം മുഖ്യവനപാലകന്റെ 12.12.2012-ലെ ഡബ്ല്യൂ.എൽ.466/2011 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് വന്യജീവികൾ കൃഷിസ്ഥലമുൾപ്പെടെയുള്ള വനേതര പ്രദേശങ്ങളിൽ ആക്രമണം നടത്തി കൃഷിനാശം വരുത്തുന്ന സംഭവങ്ങൾ വർദ്ധിച്ചുവന്നതിന്റെ അടിസ്ഥാനത്തിൽ, മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങളും അതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും ആയതിന്റെ കാരണങ്ങളും പഠിക്കുവാൻ മേൽ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും, വനം വന്യജീവി വിഭാഗം മുഖ്യവനപാലകൻ കൺവീനറായും ഒരു പത്തംഗ സമിതിയെ നിയോഗിച്ചിരുന്നു.

2) ഈ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽ ഗണ്യമായ പങ്കു വഹിക്കുന്ന കാട്ടുപന്നികളെ നിബന്ധനകൾക്കു വിധേയമായി, നിർദ്ദിഷ്ട ഫോറസ്റ്റ് അധികൃതരുടെ മുൻകൂട്ടിയുള്ള അനുവാദം നേടിയിട്ടുള്ള കൃഷിക്കാർക്ക്, വെടിവെച്ചു കൊല്ലുന്നതിനുള്ള അനുമതി നൽകുന്നതിലേക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി മേൽ പരാമർശം(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുന്നതിന് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം മൂന്നിലെ സർക്കാർ ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളിന്മേൽ വന്യജീവി വിഭാഗം മുഖ്യവനപാലകൻ ഉന്നയിച്ച വിഷയങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്തി പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

4) മേൽ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പരീക്ഷണാടിസ്ഥാനത്തിൽ ഒരു വർഷത്തേക്കാണ് നൽകിയിരുന്നത്. ഇതിന്റെ കാലാവധി 22.06.2012-ന് അവസാനിച്ചതിന്റെ അടിസ്ഥാനത്തിൽ വന്യജീവി വിഭാഗം മുഖ്യവനപാലകന്റെ ശുപാർശ പ്രകാരം ഇതുമായി ബന്ധപ്പെട്ട ഉത്തരവുകൾ ക്രോഡീകരിച്ച് കാലാവധി 22.06.2012 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് മേൽ പരാമർശം അഞ്ച് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

5) 04.08.2012-ലെ സ.ഉ.(സാധാ)നമ്പർ.399/2012/വനം പ്രകാരം പുറപ്പെടുവിച്ച ഉത്തരവിനെ സംബന്ധിച്ച് ജനപ്രതിനിധികളിൽ നിന്നും, പൊതുജനങ്ങളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങൾ കണക്കിലെടുത്ത്, പ്രസ്തുത ഉത്തരവിൽ ചില ഭേദഗതികൾ വരുത്തി ടി ഉത്തരവിന് മൂന്നു വർഷത്തേക്കു കൂടി പ്രാബല്യം നൽകി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുവാൻ മേൽ പരാമർശം ആറിലെ കത്ത് പ്രകാരം വന്യജീവി വിഭാഗം മുഖ്യവനപാലകൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, പരാമർശം അഞ്ചിലെ സർക്കാർ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ഉത്തരവിന്റെ തീയതി മുതൽ മൂന്ന് വർഷത്തേക്ക് പ്രാബല്യം നൽകി സർക്കാർ താഴെപ്പറയുന്ന വിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) കൃഷിനാശം ഉണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുന്നതിന് താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(1) നിരന്തരം ശല്യമുണ്ടായി കൃഷിനാശം സംഭവിക്കുമ്പോൾ ബന്ധപ്പെട്ട റെയിഞ്ചർ/അസ്സി. വൈൽഡ് ലൈഫ് വാർഡന് കാട്ടുപന്നിയെ വെടിവെച്ച് കൊല്ലണമെന്ന് ആവശ്യപ്പെട്ട് കർഷകൻ അപേക്ഷ സമർപ്പിക്കണം. ഇപ്രകാരം ആവശ്യപ്പെടുമ്പോൾ കൃഷിയിടത്തിന്റെ സ്ഥാനം, വിളകൾക്കുണ്ടായ നാശനഷ്ടം, അക്രമകാരിയായ കാട്ടുപന്നികളുടെ എണ്ണം എന്നിവ കൂടി അറിയിക്കേണ്ടതാണ്.

(2) ഇപ്രകാരം അപേക്ഷ ലഭിച്ചാൽ റെയിഞ്ചർ/അസ്സി. വൈൽഡ് ലൈഫ് വാർഡൻ/വനസംരക്ഷണ സമിതി പ്രസിഡന്റ്/എക്കോ ഡെവലപ്മെന്റ് കമ്മിറ്റി പ്രസിഡന്റ്/ഗ്രാമ പഞ്ചായത്ത് അംഗം എന്നിവരുമായി കൂടിയാലോചിച്ച് അപേക്ഷയുടെ നിജസ്ഥിതി ഉറപ്പു വരുത്തി കാട്ടുപന്നിയെ വെടിവെച്ച് കൊല്ലാനുള്ള തീരുമാനം അപേക്ഷ ലഭിച്ച് മൂന്ന് ദിവസത്തിനകം കർഷകനെ അറിയിക്കേണ്ടതാണ്. അപേക്ഷ നിരസിക്കുകയാണെങ്കിൽ

കാരണസഹിതം അപേക്ഷകന് മൂന്ന് ദിവസത്തിനകം മറുപടി നൽകേണ്ടതാണ്.

(3) കാട്ടുപന്നിയെ വെടിവെച്ച കൊന്നാൽ ഫോറസ്റ്റർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ രണ്ട് പൊതുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ മഹസർ തയ്യാറാക്കേണ്ടതാണ്.

(4) വെടിവെച്ച് കൊല്ലുന്ന പന്നിയുടെ മാംസം ഭക്ഷണ ആവശ്യത്തിനോ മറ്റെന്തെങ്കിലും ആവശ്യത്തിനോ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

(5) കൊല്ലപ്പെടുന്ന പന്നിയുടെ ജഡത്തിൽ മണ്ണെണ്ണ ഒഴിച്ച് മൂന്നടി താഴ്ചയുള്ള കുഴിയിൽ അടക്കം ചെയ്യേണ്ടതോ, കത്തിച്ച് കളയേണ്ടതോ ആണ്.

(6) ഇത്തരം കേസ്സുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ഉടനടി അറിയിക്കേണ്ടതാണ്.

(7) എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും സ്ഥലം എം.എൽ.എ-യും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിനേയും കർഷക സംഘടനാ പ്രതിനിധികളേയും തദ്ദേശീയരായ സർക്കാരിതര സന്നദ്ധ സംഘടനകളുടെ പ്രതിനിധികളേയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ഈ കമ്മിറ്റി പന്നികളെ വെടിവെച്ച് കൊല്ലാനുള്ള ഉത്തരവ് നടപ്പാക്കി കഴിഞ്ഞാൽ, ഈ പ്രശ്നം സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതുമാണ്.

വിളനാശമുണ്ടാക്കുന്ന കാട്ടുപന്നികളെ ഇപ്രകാരം വെടിവെച്ച് കൊല്ലുന്നതു താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.

1) റഗുലറൈസ് ചെയ്യപ്പെടാത്ത കയ്യേറിയ വനഭൂമിയിൽ കാട്ടുപന്നികളെ ഇപ്രകാരം വെടിവെച്ചു കൊല്ലുവാൻ അനുവാദം നൽകുന്നതല്ല.
2) മുലയൂട്ടുന്ന പന്നികളെ യാതൊരു കാരണവശാലും വെടിവെച്ച് കൊല്ലാൻ പാടുള്ളതല്ല.
3) ഒരു കാട്ടുപന്നിയെ ഇപ്രകാരം വെടിവെയ്ക്കാനൊരുങ്ങുമ്പോൾ അത് വനത്തിലേക്ക് രക്ഷപ്പെട്ടാൽ യാതൊരു കാരണവശാലും വനത്തിനകത്ത് കയറി വെടിവയ്ക്കാൻ പാടില്ലാത്തതാണ്.
4) വെടിവെച്ച കൊല്ലപ്പെടുന്ന പന്നിയെ വനംവകുപ്പ് തന്നെ സംസ്കരിക്കുന്നതായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രദീപ് കുമാർ,
പ്രിൻസിപ്പൽ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം), തിരുവനന്തപുരം.

ഡയറക്ടർ ജനറൽ ഓഫ് പോലീസ്, പോലീസ് ആസ്ഥാനം, വഴുതയ്ക്കാട്.
(അറിവിലേക്കായി).
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് (മാധ്യമങ്ങളിലും സർക്കാർ വെബ് സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിന്).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള. തിരുവനന്തപുരം.
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

പകർപ്പ് - മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.